# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4019** **24/8/2017** -ലെ മറുപടി

# തൃക്കാക്കര നിയോജക മണ്ഡലത്തിലെ പൈപ്പ് ലൈൻ റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.തോമസ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽ പ്പെട്ടതും കൊച്ചി കോർപ്പറേഷനിലും തൃക്കാക്കര മുനിസിപ്പാലിറ്റിയിലും കൂടി കടന്നു പോകുന്നതുമായ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൈപ്പ് ലൈൻ റോഡ് വളരെക്കാലമായി പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ; ഇല്ലെങ്കിൽ ഈ റോഡ് നന്നാക്കുന്നതിന് കൊച്ചി കോർപ്പറേഷനും തൃക്കാക്കര മുനിസിപ്പാലിറ്റിക്കും വാട്ടർ അതോറിറ്റി അനുമതി നൽകുമോ എന്ന് വിശദമാക്കാമോ? | (ബി) ഏകദേശം 9 മുനിസിപ്പാലിറ്റികൾക്കും കൊച്ചി കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുംകൂടി 20 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന വേണ്ട 36", 42", 48" വ്യാസമുള്ള പൈപ്പ് ലൈനുകൾ കടന്നുപോകുന്നത് പ്രസ്തുത റോഡിൽ കൂടിയാണ്. ഈ റോഡ് പൊതു ഗതാഗതത്തിന് ഉപയോഗപ്പെടുത്തിയാൽ അധികരിച്ച ട്രാഫിക് ലോഡ് കാരണം ഈ പൈപ്പ് ലൈനുകൾക്ക് കേടുപാടുകൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. അത് ശുദ്ധജല വിതരണത്തെ കാര്യമായി ബാധിക്കുന്നതാണ്. കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ കൊച്ചി നഗരത്തിന്റേതടക്കം ഒരു പ്രദേശത്തിന്റെയാകെ കുടിവെള്ളവിതരണ സംവിധാനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ റോഡ് പൊതുഗതാഗതത്തിനുവേണ്ടി ഉപയോഗിക്കുന്നത് ആശാസ്യമല്ല. |

സെക്ഷൻ ഓഫീസർ

JSK/